# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5042 — 22.05.2017 -ൽ മറുപടിയ്ക്ക്

**എൻ.സി.റ്റി.ഇ. 2014 ലെ നിബന്ധന പ്രകാരമുള്ള നടപടി**

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ : | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.) യുടെ 2014 ലെ നിബന്ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് അദ്ധ്യാപക പരിശീലന കോളേജുകളിൽ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണെന്നും ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | സർക്കാർ / എയ്ഡഡ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ NCTE യുടെ 2014 ലെ നിബന്ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. അടിസ്ഥാന യൂണിറ്റ് (50 സീറ്റ്) എന്ന NCTE നിബന്ധന നടപ്പിലാക്കിയിട്ടുള്ളതാണ്. NCTE നിർദ്ദേശങ്ങൾക്കനുസൃതമായി പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ബി) | എൻ.സി.റ്റി.ഇ. (2014) നിബന്ധനയനുസരിച്ച് വേണ്ടത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; ഇല്ലെങ്കിൽ അത് എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നിലവിൽ എല്ലാ ബി.എഡ്. കോളേജുകളിലുമുള്ള ഒരു ബാച്ച് (50 വിദ്യാർത്ഥികൾ) 2 ബാച്ച് ആയി ഉയർത്താത്തതിനാൽ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠനാവസരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ 2017-18 വർഷം മുതൽ 2 ബാച്ചുകൾ അനുവദിക്കുമോ; വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | അദ്ധ്യാപക പരിശീലന കലാലയങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കത്തക്കവണ്ണം കോമ്പസിറ്റ് കോളേജുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ആകെയുള്ള **4** സർക്കാർ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ **3** കേന്ദ്രങ്ങളിലും ബി.എഡ്., എം.എഡ്. കോഴ്സുകൾ നടത്തിവരുന്നു. ഒരു കേന്ദ്രത്തിൽ ബി.എഡ്. കോഴ്സുകളോടൊപ്പം എം.എഡ്. ഗവേഷണം (Ph.D) നടത്തിവരുന്നു. |
| (ഇ) | എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സ്വാശ്രയ എം.എഡ്. കോഴ്സുകൾ എയ്ഡഡാക്കി മാറ്റുന്നതിന് നയപരമായ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ മാറ്റങ്ങൾ എപ്പോഴേക്ക് പ്രാവർത്തികമാക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | അധിക സാമ്പത്തിക ബാധ്യത വരുന്ന വിഷയമായതിനാൽ ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**